LIBRARY ARCHIVES Kerala Legislative Assembly

റേഷൻ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

314 (5039) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ രൂപപ്പെടുത്തുവാൻ വിഭാവനം ചെയ്ത വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കാമോ;

&

(സി) ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ച് 17-8-2018-ലെ 420/2018/ ഭ.പൊ.വി.വ., 419/2018/ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ, 417/2018/ ഭ.പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട എന്നിങ്ങനെ നാലു തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ല, താലൂക്ക് തല കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാരുടെ മേൽനോട്ടത്തിൽ റേഷൻകടതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന, ജില്ല, താലൂക്ക് തല കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലമ്പൂർ മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ

315 (5040) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയോജനം ഉൾവനങ്ങളിലുള്ള ഏതെല്ലാം പട്ടികവർഗ്ഗ കോളനികൾക്കാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; കൂടുതൽ പട്ടികവർഗ്ഗ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അമ്പുമല, മുണ്ടിക്കടവ്, നെടുങ്കയം, ഉച്ചക്കുളം എന്നീ ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' നിലവിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി അരിയും ഗോതമ്പും ഭക്ഷ്യക്കിറ്റുകളും മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളുവെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വൈദ്യുതീകരണം നടക്കാത്ത പട്ടികവർഗ്ഗ കോളനികളിലേക്ക് മണ്ണെണ്ണയും പഞ്ചസാരയും അടക്കമുള്ളവ സഞ്ചരിക്കുന്ന റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. പദ്ധതിയുടെ തുടക്കകാലത്ത് സഞ്ചരിക്കുന്ന റേഷൻകടകൾ വഴി മണ്ണെണ്ണ, പഞ്ചസാര എന്നിവ നൽകിയിരുന്നു. എന്നാൽ പണം നൽകി ഈ സാധനങ്ങൾ വാങ്ങുന്നതിന് ഉപഭോക്താക്കൾ തയ്യാറാകാതിരുന്നതിനാൽ നിലവിൽ അരിയും ഗോതമ്പും ഭക്ഷ്യകിറ്റുകളും മാത്രമാണ് വിതരണം ചെയ്യുന്നത്.

(സി) സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ യഥാർത്ഥ കാർഡുടമകൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ഇതിനായി റേഷനിംഗ് ഇൻസ്പെക്ടർ കൂടെ പോകണ മെന്ന നിർദ്ദേശം പ്രായോഗികമാണോ എന്നറിയിക്കാമോ;

&

(ഡി) വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിൽ ആക്കിയാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാകില്ലേ എന്നറിയിക്കാമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ആദിവാസി മേഖലകളിൽ ഭൂരിഭാഗം കാർഡ് അംഗങ്ങൾക്കും ആധാർ ഇല്ലാത്തതിനാൽ ഇ-പോസ് മുഖാന്തരമുള്ള റേഷൻ വിതരണം ദുഷ്കരമായതിനാൽ റേഷൻ കാർഡുമായി വരുന്നവർക്കാണ് റേഷൻ നൽകിവരുന്നത്. "സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' യുടെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റേഷൻകട ലൈസൻസി, എസ്.ടി. പ്രൊമോട്ടർ എന്നിവരാണ് റേഷൻ സാധനങ്ങൾ വിതരണംനടത്തുന്നത്. വന്യജീവികളുടെ ആക്രമണം, ഗതാഗത യോഗ്യമല്ലാത്ത കാട്ടുപാതകൾ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ പ്രസ്തുത ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്. ടി സ്ഥലങ്ങളിൽ നെറ്റ്വർക്ക് കവറേജ് ഇല്ലാത്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിൽ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ റേഷനിംഗ് ഇൻസ്പെക്ടർ, എസ്.ടി. പ്രൊമോട്ടർ എന്നിവരുടെ സേവനം സഹായിക്കുന്നുണ്ട്.

ഭക്ഷ്യധാന്യ വിഹിതം

316 (5041) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ തോത് എത്രയാണ്; അർഹതപ്പെട്ട അളവ് ധാന്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമപ്രകാരം പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഓരോ വിഭാഗത്തിനും ലഭ്യമായ അളവ് അനുബന്ധമായി ചേർത്തിരിക്കുന്നു*. മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടിവരുന്ന 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കിവരുന്ന 4 ലക്ഷം മെട്രിക് ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ./ മുൻഗണനാവിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ എ.പി.എൽ. വിഭാഗത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ പ്രതിമാസം 27,958 മെട്രിക് ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാംവിധം നൽകുന്നതിന് അപര്യാപ്തമായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധിതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല. എൻ.എഫ്.എസ്.എ. പ്രാബല്യത്തിൽ വരുന്നതിന് 3 വർഷം പിറകോട്ടുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിയ്ക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ. അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭദശയിൽ ബി.പി.എൽ. വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ. വിഭാഗത്തിലേക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കുകൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ് ബി.പി.എൽ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.